# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# ജനറൽ ബോഡി യോഗം

2024 ഏപ്രിൽ 30 ന് രാവിലെ 10.30 ന് നീതിവേദി വാർഷിക ജനറൽ ബോഡി യോഗം ചേർന്നു. ശ്രീമതി മിനി സാജു സ്വാഗതം ആശംസിച്ചു. നീതി വേദി പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീമതി ഫ്ളയ്സി ജോസ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ അഡ്വ ജോമോൾ ജോയി 2023-24 വർഷത്തെ കണക്ക്, 2024-25 വർഷത്തെ ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി. ഗവേർണിംഗ് ബോഡി അംഗങ്ങൾ ഒരു വർഷം കൂടി തുടരാൻ തീരുമാനിച്ചു. ആദിവാസി നേതാക്കളുടെ ഒത്തുചേരൽ നടത്തുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. ആദിവാസി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ബോധവത്ക്കരണ ക്ലാസ്സ് നൽകാനും സ്ക്കൂളുകളിൽ കുട്ടികളുടെ അവസ്ഥകൾ പോയി അന്വേഷിക്കുവാനും തീരുമാനിച്ചു. രണ്ട് മാസത്തിനുള്ളിൽ എല്ലാ പഞ്ചായത്തുകളിലും പീസ് കമ്മറ്റികൾ കൂടാനും പീസ് കമ്മറ്റികളിൽ ആദിവാസി വിഭാഗത്തിലുള്ളവരേയും വനിതാ-യുവജന-വിദ്യാർത്ഥി സൗഹൃദക്ലബ് പ്രതിനിധികളെയും ഉൾപ്പെടുത്തി പഞ്ചായത്ത് തല കർമ്മപദ്ധതികൾ രൂപീക രിക്കാനും തീരുമാനിച്ചു. പീസ് കമ്മറ്റികളിൽ ഗവേർണിംഗ് ബോഡി അംഗങ്ങൾ ആരെങ്കിലും പങ്കെടുക്കാനും ധാരണയായി. ജോയിന്റ് സെക്രട്ടറി ശ്രീ ഉണ്ണിക്കൃഷ്ണൻ ചീക്കല്ലൂർ നന്ദി പറഞ്ഞു. 39 പേർ പങ്കെടുത്തു.









# വിദ്യാർത്ഥി സൗഹൃദ ക്ലബ്ബ്



2024 ഏപ്രിൽ 3 ന് വേങ്ങൂർ സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എസ് ബിനു, ശ്രീമതി മിനി സാജു എന്നിവർ നേതൃത്വം നൽകി.

2024 ഏപ്രിൽ 5 ന് അടുവാടിവയൽ സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എസ് ബിനു, ശ്രീമതി വത്സ ദേവസ്യ എന്നിവർ നേതൃത്വം നൽകി.





2024 ഏപ്രിൽ 6 ന് കരിങ്ങാരി സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എസ് ബിനു, ശ്രീമതി ഇന്ദുലേഖ എന്നിവർ നേതൃത്വം നൽകി.







2024 മെയ് 7 ന് മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത് സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി മിനി സാജു സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർ ശ്രീമതി ശാന്തി സുനിൽ അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീ ശിവരാമൻ ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി മിനി സാജു, ശ്രീമതി ദിൽന എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ അക്സ നന്ദി പറഞ്ഞു. 36 പേർ പങ്കെടുത്തു.





2024 മെയ് 8 ന് എടവക പഞ്ചായത്തിലെ കുന്നമംഗലം സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി ഇന്ദുലേഖ സ്വാഗതം ആശംസിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി ഇന്ദുലേഖ, ശ്രീ സുനിൽ എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ ശ്രീജിത്ത് നന്ദി പറഞ്ഞു. 22 പേർ പങ്കെടുത്തു.





2024 മെയ് 9 ന് പുൽപ്പള്ളി പഞ്ചായത്തിലെ കരിമം സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി മിനി സാജു സ്വാഗതം ആശംസിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി മിനി സാജു, ശ്രീ ജ്യോതിഷ് കുമാർ, ശ്രീ ശ്യാം എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ സവിത നന്ദി പറഞ്ഞു. 35 പേർ പങ്കെടുത്തു.

2024 മെയ് 10 ന് മുട്ടിൽ പഞ്ചായത്തിലെ പാക്കം സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി വൽസ ദേവസ്യ സ്വാഗതം ആശംസിച്ചു. വീനസ് ഗ്രന്ഥശാല പ്രസിഡന്റ് ശ്രീ ജോൺ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീ സജീവൻ ഉത്ഘാടനം ചെയ്തു. ഗ്രന്ഥ ശാല സെക്രട്ടറി ശ്രീ റോയി, പാക്കം സ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ വിബിൻ, പ്രൊമോട്ടർമാരായ ശ്രീ വിഷ്ണു, ശ്രീ ബിനു എന്നിവർ സന്നിഹിതരായിരുന്നു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി.



ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി വൽസ, ശ്രീമതി സൂര്യ, ശ്രീമതി മഞ്ചു എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ നിവേദ് നന്ദി പറഞ്ഞു. 18 പേർ പങ്കെടുത്തു.





2024 മെയ് 13 ന് വേങ്ങപ്പള്ളി പഞ്ചായത്തിലെ നായാടിപൊയിൽ സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് രൂപീകരിച്ചു. ശ്രീ ജ്യോതിഷ് കുമാർ സ്വാഗതം ആശംസിച്ചു. ശ്രീ മണി അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീ തോമസ് ഉത്ഘാടനം ചെയ്തു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ജ്യോതിഷ്, ശ്രീമതി ശരണ്യ എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ സുനീഷ് നന്ദി പറഞ്ഞു. 15 പേർ പങ്കെടുത്തു.

2024 മെയ് 13 ന് വേങ്ങപ്പള്ളി പഞ്ചായത്തിലെ ഒരുവുമ്മൽ സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് രൂപീകരിച്ചു. ശ്രീ ജ്യോതിഷ് കുമാർ സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർ ശ്രീ തോമസ് ഉത്ഘാടനം ചെയ്തു. കുട്ടി കൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീ ജ്യോതി ഷ്, ശ്രീമതി പ്രീത എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ സാന്ദ്ര നന്ദി പറഞ്ഞു. 11 പേർ പങ്കെടുത്തു.





2024 മെയ് 14 ന് മീനങ്ങാടി പഞ്ചായത്തിലെ ആർമാട് സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് ഹാർമണി ക്ലബ് രൂപീകരിച്ചു. ശ്രീമതി മഞ്ചു സ്വാഗതം ആശംസിച്ചു. ശ്രീമതി വെള്ളച്ചിയമ്മ അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി മിനി സാജു, ശ്രീമതി സൂര്യ, ശ്രീമതി മിനി സാജു എന്നിവർ നേതൃത്വം നൽകി. ക്ലബ് ലീഡർ വിമൽ നന്ദി പറഞ്ഞു.







2024 മെയ് 15 ന് മീനങ്ങാടി പഞ്ചായത്തിലെ വേങ്ങൂർ സ്റ്റുഡന്റ്സ് ഹാർമണി ക്ലബ് കുട്ടികളുടെയും രക്ഷിതാക്കളുടെയും മീറ്റിംഗ് സംഘടിപ്പിച്ചു. ശ്രീമതി മിനി സാജു സ്വാഗതം ആശംസിച്ചു. കുട്ടികൾക്കായി വിവിധ ഗെയിമുകൾ നടത്തി. ശ്രീമതി സൂര്യ, ശ്രീമതി മിനി സാജു എന്നിവർ നേതൃത്വം നൽകി.

# ഫസിലിറ്റേറ്റർമാർക്ക് പരിശീലനം





2024 ഏപ്രിൽ 25ന് മാനന്തവാടി പാവനയിൽ വെച്ചും, 2024 മെയ് 4, മെയ് 6 എന്നീ തിയതികളിലായി നീതിവേദി ഓഫീസിൽ വെച്ചും വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫസിലിറ്റേറ്റർമാർക്കായി പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീമതി ഫ്ളയ്സി ജോസ്, ശ്രീമതി സൂര്യ എസ് ബിനു, ശ്രീ ജ്യോതിഷ് കുമാർ എന്നിവർ നേതൃത്വം നൽകി.

2024 മെയ് 31 ന് നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫസിലിറ്റേറ്റർമാരുടെ യോഗം നടന്നു. ക്ലബിലെ 171 കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം നടത്തി. 9 ഫസിലിറ്റേറ്റർമാർ യോഗത്തിൽ പങ്കെടുത്തു.



# കനൽ ക്യാമ്പ്





2024 ഏപ്രിൽ 23,24,25 തിയതികളിൽ മാനന്തവാടി പാവനയിൽ വെച്ച് കനൽ സമ്മർക്യാമ്പ് സംഘടിപ്പിച്ചു. ഏപ്രിൽ 23 ന് കുട്ടികൾക്ക് ഗ്രൂപ്പ് തിരിച്ച് വിവിധ ഗെയിമുകൾ നടത്തി. വൈകുന്നേരം കലാസന്ധ്യ നടത്തി. ഏപ്രിൽ 24 ന് കോഴിക്കോട് മാതൃഭൂമി ഓഫീസ്, പ്ലാനറ്റോറിയം, ബീച്ച് എന്നിവിടങ്ങളിലേക്ക് എക്സ്പോഷർ യാത്ര നടത്തി. ഏപ്രിൽ 25 ന് ഗ്രൂപ്പ് തല ചർച്ചകൾ നടത്തി. തുടർന്ന് ക്യാമ്പിനെക്കുറിച്ചുള്ള വിലയിരുത്തൽ നടത്തി. 75 പേർ പങ്കെടുത്തു.









# വനിതാ സൗഹൃദ ക്ലബ്ബ്



2024 മെയ് 21 ന് ഉച്ചക്ക് 1 മണിയ്ക്ക് മീനങ്ങാടി പഞ്ചായത്തിലെ താഴത്തുവയൽ വനിതാ സൗഹൃദക്ലബ് മീറ്റിംഗ് നടന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ ശ്രീമതി മേഴ്സി സ്വാഗതം ആശംസിച്ചു. വാർഡ് മെമ്പർ ശ്രീമതി ഉഷ രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു.

തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് യോഗം ചർച്ചകൾ നടത്തി. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിൽ വനിതാക്ലബ് അംഗങ്ങൾ കാര്യമായി ഇടപെടാനും സ്വയം തൊഴിൽ പരിശീലനങ്ങൾ ആവശ്യമാണെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. ശ്രീമതി അനു നന്ദി പറഞ്ഞു. യോഗത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു.

# പീസ് കമ്മിറ്റി





2024 മെയ് 20 ന് ഉച്ചകഴിഞ്ഞ് 2.15 ന് മീനങ്ങാടി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി മിനി സാജു സ്വാഗതം ആശംസിച്ചു. ശ്രീ എം ആർ ശശിധരൻ, പീസ് കമ്മറ്റി കൺവീനർ അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീമതി കെ പി നുസറത്ത്, വൈസ് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 2024-25 വർഷത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. ജൂൺ മാസം 30-ാം തിയതിക്കു മുമ്പായി ആദിവാസി നേതാക്കൾക്ക് പഞ്ചായത്തിന്റെയും കൂടി സഹകരണത്തോടെ നടത്താൻ തീരുമാനിച്ചു. ആദി വാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരി ധിയിലെ എല്ലാ സ്ക്കൂളുകളിലും പോയി വിവരങ്ങൾ മനസ്സിലാക്കാൻ 10 പേരടങ്ങുന്ന സ്പെഷ്യൽ കമ്മറ്റി രൂപീകരിച്ചു. ശ്രീ ബേബി, പീസ് കമ്മറ്റി ചെയർമാൻ നന്ദി പറഞ്ഞു. 21 പേർ പങ്കെടുത്തു.




2024 മെയ് 25 ന് 11 മണിയ്ക്ക് കണിയാമ്പറ്റ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. പീസ് കമ്മറ്റി കൺവീനർ ശ്രീ ലത്തീഫ് മേമാടൻ സ്വാഗതം ആശംസിച്ചു. ശ്രീ പി കെ ജോർജ്ജ്, പീസ് കമ്മറ്റി ചെയർമാൻ അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീമതി കെ വി രജിത, പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ശ്രീമതി വൽസ ദേവസ്യ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധി യിലെ എല്ലാ സ്ക്കൂളുകളിലും പോയി വിവരങ്ങൾ മനസ്സിലാക്കാൻ സ്പെഷ്യൽ കമ്മറ്റി രൂപീകരിച്ചു. ശ്രീമതി സബിത, കോർ ടീം വോളണ്ടിയർ നന്ദി പറഞ്ഞു. 23 പേര് പങ്കെടുത്തു.




2024 മെയ് 29 ന് ഉച്ചകഴിഞ്ഞ് 2.45 ന് അമ്പലവയൽ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി വൽസ തങ്കച്ചൻ, കോർ ടീം വോളണ്ടിയർ സ്വാഗതം ആശംസിച്ചു. പീസ് കമ്മറ്റി ചെയർമാനായിരുന്ന ശ്രീ നിജീഷിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. ശ്രീ കെ ഐ തോമസ്, ജില്ലാ പീസ് ഫോറം ചെയർമാൻ അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീമതി സി കെ അഫ്സത്ത്, പഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ശ്രീമതി മിനി സാജു പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കെ ഷമീർ ആശംസകൾ നേർന്നു.

2024-25 വർഷത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. ശ്രീമതി ഫ്ളയ്സി ജോസ്, നീതിവേദി ഡയറക്ടർ ചർച്ചകൾക്ക് നേതൃത്വം നൽകി. ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധി യിലെ എല്ലാ സ്ക്കൂളുകളിലും പോയി വിവരങ്ങൾ മനസ്സിലാക്കാൻ 5 പേരടങ്ങുന്ന സ്പെഷ്യൽ കമ്മറ്റി രൂപീകരിച്ചു. പീസ് കമ്മറ്റി ചെയർമാനായി ശ്രീ സദാശിവൻ ഇ റ്റി, കൺവീനറായി ശ്രീ വേലു എന്നിവരെ തിരഞ്ഞെടുത്തു. ശ്രീ സദാശിവൻ ഇ റ്റി നന്ദി പറഞ്ഞു. 14 പേര് പങ്കെടുത്തു.

2024 മെയ് 29 ന് ഉച്ചകഴിഞ്ഞ് 2.30 ന് എടവക പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. ശ്രീമതി ഇന്ദുലേഖ, നീതിവേദി ഫീൽഡ് സ്റ്റാഫ് സ്വാഗതം ആശംസിച്ചു. ശ്രീ ഒ ടി ബാലകൃഷ്ണൻ, ചെയർമാൻ അദ്ധ്യക്ഷത വഹിച്ച യോഗം ശ്രീമതി ഗിരിജ സുധാകരൻ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഉദ്ഘാടനം ചെയ്തു. ശ്രീമതി ഇന്ദുലേഖ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. 2024-25 വർഷത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു. അഡ്വ ഫാ.സ്റ്റീഫൻ മാത്യു, നീതിവേദി പ്രസിഡന്റ് ചർച്ചകൾക്ക് നേതൃത്വം നൽകി. ഫീൽഡ് തല മീഡിയേഷൻ ആവശ്യമുള്ളിടത്ത് നടത്തുന്നതിനെ ക്കുറിച്ചും ഓഫീസിൽ കൗൺസിലിംഗ് സൗകര്യമുള്ള കാര്യവും വിദ്യാർത്ഥി-വനിതാ-യുവജന സൗഹൃദ ക്ലബ് സംബന്ധിച്ചും വിശദീകരിച്ചു.





ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പഞ്ചായത്ത് പരിധിയിലെ സ്ക്കൂളുകളിൽ ഊരുമൂപ്പൻമാർ, പ്രമോട്ടർമാർ, പീസ് കമ്മറ്റി അംഗങ്ങൾ എന്നിവർ പോയി വിവരങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കുമെന്ന് യോഗത്തിൽ അഭിപ്രായപ്പെട്ടു. ശ്രീ സുനിൽ, വിദ്യാർത്ഥി സൗഹൃദ ക്ലബ് ഫസിലിറ്റേറ്റർ നന്ദി പറഞ്ഞു. 23 പേര് പങ്കെടുത്തു.

# സബ് കമ്മറ്റി മീറ്റിംഗ്



2024 ഏപ്രിൽ 29 ന് എസ് പി സി സബ് കമ്മറ്റി മീറ്റിംഗ് നടന്നു. ഉച്ച കഴിഞ്ഞ് 3 മണിയ്ക്ക് ചേർന്ന യോഗത്തിൽ ജില്ലാ പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ജീജ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിച്ചു. 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട് നീതിവേദി ലീഗൽ കൗൺസിലർ അഡ്വ ജോമോൾ ജോയി അവതരിപ്പിച്ചു. നീതിവേദി കൗൺസിലർ ശ്രീമതി സൂര്യ എസ് ബിനു നന്ദി പറഞ്ഞു. 15 പേർ പങ്കെടുത്തു.

# പിക്നിക്

2024 ഏപ്രിൽ 16 ന് നീതിവേദി സ്റ്റാഫ് - ഗവേർണിംഗ് ബോഡി അംഗങ്ങൾക്കായി കോഴിക്കോട് വടകരയിലെ അകലാപ്പുഴ, ക്രാഫ്റ്റ് വില്ലേജ് എന്നിവിടങ്ങളിലേക്ക് പിക്നിക് സംഘടിപ്പിച്ചു.






NEETHI VEDHI
സുധിക്കവല, കാക്കവയൽ പി.ഒ
കൽപ്പറ്റ നോർത്ത്, വയനാട്– 673122
ഫോൺ– 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org